# ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനം

സെന്റ് തോമസ് ഭവൻ, ഓർത്തഡോക്സ് യൂത്ത് സെന്റർ, പഴയസെമിനാരി റോഡ്,
ചുങ്കം, കോട്ടയം - 686 001. ഫോൺ / ഫാക്സ് : 0481 - 2583997
E-mail: Indianocym@rediffmail.com / Indianocym@gmail.com Web: orthodoxyouthmovement.org

## കേന്ദ്ര ഓഫീസ് വിജ്ഞാപനം 3/2011

ബഹുമാന്യരായ വൈദീകരേ, പ്രിയ സഹോദരങ്ങളെ, യുവജനപ്രസ്ഥാനം പ്രവർത്തകരെ ഏവർക്കും ക്ഷേമം എന്ന് കരുതട്ടെ. യുവജന പ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു എന്നറിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. സഭയുടെയും സമൂഹത്തിന്റെയും ഇടവകയുടെയും ശബ്ദമായി പ്രസ്ഥാനം മാറണം. നിങ്ങളുടെ ഏവരുടെയും ശുശ്രൂഷകളിൽ യുവജനപ്രസ്ഥാനത്തിന്റെ പുരോഗമനപരമായ കർമ്മപരിപാടികൾ ഉൾക്കൊള്ളിച്ച് പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കുവാൻ ശ്രദ്ധിക്കണമെ. നമ്മുടെ ഭാവി പ്രവർത്തനങ്ങളിൽ ചിലത് അറിയിക്കട്ടെ

### 75-ാം അന്തർദേശിയ വാർഷിക സമ്മേളനം - ഡൽഹിയിൽ

പ്രസ്ഥാനത്തിന്റെ പ്ലാറ്റിനം ജൂബിലി വർഷമായ സന്ദർഭത്തിൽ 75-ാമത് അന്തർദേശിയ വാർഷിക സമ്മേളനവും പ്ലാറ്റിനം ജൂബിലി സമാപന സമ്മേളനവും 2011 ഒക്ടോബർ 5, 6, 7, 8 തീയതികളിലായി ഡൽഹി ഭദ്രാസനത്തിന്റെയും ഹൗസ്കാസ് ഇടവകയുടെയും ആതിഥേയത്വത്തിൽ ഹൗസ്കാസ് സെന്റ്മേരീസ് കത്തീഡ്രൽ ഇടവകയിൽ വെച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുകയാണ്. **"മാർത്തോമ്മാ പൈതൃകം"** എന്നതാണ് മുഖ്യചിന്താവിഷയം. സമ്മേളനനടത്തിപ്പിനായി **അഭിവന്ദ്യ ഇയ്യോബ് മാർ പീലക്സിനോസ് മെത്രാപ്പൊലീത്ത, അഭിവന്ദ്യ യൂഹാനോൻ മാർ ദിമത്രിയോസ്** (രക്ഷാധികാരിമാർ), **വെരി റവ. എം.എസ്. സഖറിയ റമ്പാൻ** (ഭദ്രാസന സെക്രട്ടറി), **റവ. ഫാ. ഫിലിപ്പ് എം. സാമുവേൽ** (യുവജനപ്രസ്ഥാനം ഭദ്രാസന വൈസ്പ്രസിഡന്റ്), **ശ്രീ. ജോജി നൈനാൻ** (പ്രസ്ഥാനം ഭദ്രാസന സെക്രട്ടറി), **ശ്രീ. ജോൺ മാത്യു** (ജനറൽ കൺവീനർ), **ശ്രീ. സാമുവേൽ ജോർജ്ജ്** (ട്രഷറാർ) എന്നിവരുടെ നേതൃത്വത്തിൽ സമ്മേളനത്തിന്റെ സ്വാഗത സംഘം രൂപീകരിച്ച് വിവിധ കമ്മിറ്റികൾ പ്രവർത്തനങ്ങൾ ആരംഭിച്ചിരിക്കുന്നു. ഓരോ യൂണിറ്റിൽ നിന്നും യുവതികൾ ഉൾപ്പെടെ രണ്ട് പ്രതിനിധികൾ പള്ളിച്ചെലവിൽ (യാത്രച്ചെലവ് + രജിസ്ട്രേഷൻ ഫീസ്) വന്ന് സംബന്ധിക്കണം. അഭിവന്ദ്യ പ്രസിഡന്റ് തിരുമേനിയുടെ കൽപനയും ഇതോടൊപ്പം ബഹു. അച്ചന്മാർക്ക് അയയ്ക്കുന്നുണ്ട്. കോട്ടയത്തുനിന്നും ഡൽഹിയിൽ പോയി വരുവാൻ ഒരാൾക്ക് 1200 രൂപ ആകും റിസർവേഷൻ ചാർജ്ജ്. പങ്കെടുക്കുന്ന എല്ലാ പ്രതിനിധികൾക്കും കോട്ടയത്തുനിന്ന് ആയിരിക്കും റിസർവേഷൻ ക്രമീകരിക്കുക. രജിസ്ട്രേഷൻ ഫീസ് 200 രൂപയാണ്. യാത്രയ്ക്കുള്ള റിസർവേഷൻ ടിക്കറ്റ് എടുക്കേണ്ടതിനാൽ രജിസ്ട്രേഷൻ ഫോം പൂരിപ്പിച്ചതും ടിക്കറ്റിനുള്ള തുകയും രജിസ്ട്രേഷൻ ഫീസും ചേർത്ത് 1400 രൂപ മെയ് 30 ന് മുമ്പ് കേന്ദ്ര ഓഫീസിലേക്ക് അയച്ചുതരണം. (കഴിവതും മണി ഓർഡർ അയയ്ക്കുക). ഒരു കാരണവശാലും തൽസമയ രജിസ്ട്രേഷൻ (Spot Registration) അനുവദിക്കുന്നതല്ല.

### രജിസ്റ്റർ ചെയ്യേണ്ടവിധം

പങ്കെടുക്കുന്ന പ്രതിനിധികൾക്ക് ഓൺ ലൈൻ രജിസ്ട്രേഷനുള്ള സൗകര്യം ഉണ്ടായിരിക്കുന്നതാണ്. പ്രസ്ഥാനത്തിന്റെ website ആയ www.orthodoxyouthmovement.org സന്ദർശിച്ച് online registration നടത്താവുന്നതാണ്. online ആയി രജിസ്റ്റർ ചെയ്യുന്നവർ 1400 രൂപയുടെ (യാത്രച്ചെലവ് + രജിസ്ട്രേഷൻ ഫീസ്) M.O./Cash മെയ് 30 ന് മുമ്പ് കേന്ദ്ര ഓഫീസിൽ എത്തിച്ചിരിക്കണം. കേരളത്തിന് പുറത്തുള്ള അംഗങ്ങൾ രജിസ്ട്രേഷൻ ഫീസായി 200/- രൂപ നല്കണം. അതാത് ഭദ്രാസന സെക്രട്ടറിമാർ വഴിയും രജിസ്ട്രേഷൻ ഫീസ് കേന്ദ്ര ഓഫീസിൽ എത്തിക്കാവുന്നതാണ്. MO/Cash കേന്ദ്ര ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമേ രജിസ്ട്രേഷൻ സ്ഥിരീകരിക്കുകയുള്ളൂ. രജിസ്റ്റർ ചെയ്യുന്ന പ്രതിനിധികളെ കോൺഫറൻസ് സംബന്ധിച്ച വിവരങ്ങൾ നേരിട്ട് അറിയിക്കുന്നതാണ്. കേന്ദ്ര കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെ പ്രസ്ഥാനത്തിന്റെ മുഴുവൻ ഭാരവാഹികളും രജിസ്റ്റർ ചെയ്തിരിക്കണം. എന്നാൽ കേന്ദ്ര കമ്മിറ്റി അംഗങ്ങൾ രജിസ്ട്രേഷൻ ഫീസ് നൽകേണ്ടതില്ല. വനിതകൾക്ക് സുരക്ഷിതമായ താമസസൗകര്യം ക്രമീകരിക്കുന്നതാണ്. മെച്ചപ്പെട്ട താമസസൗകര്യം, ഭക്ഷണ ക്രമീകരണം, ട്രയിൻ റിസർവേഷൻ എന്നിവ നേരത്തെതന്നെ ക്രമീകരിക്കേണ്ടതിനാൽ നിർബന്ധമായും മെയ് 30 ന് മുമ്പ് രജിസ്ട്രേഷൻ നടത്തിയിരിക്കണം.

### യൂണിറ്റ് രജിസ്ട്രേഷനും തെരഞ്ഞെടുപ്പും

2011-2012 ലേക്കുള്ള യൂണിറ്റ് രജിസ്ട്രേഷൻ നടത്തിയിട്ടില്ലാത്ത യൂണിറ്റുകൾ 2011 ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണം. ഇതോടൊപ്പമുള്ള രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ച് രജിസ്ട്രേഷൻ ഫീസ് 100 രൂപയും യുവജനം വരിസംഖ്യ 100 രൂപയും കേന്ദ്ര ഓഫീസിൽ ഏല്പിക്കണം. ഏപ്രിൽ മാസത്തിൽ തന്നെ യൂണിറ്റുകളിൽ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് നടത്തി പേര് വിവരം കേന്ദ്ര ഓഫീസിൽ അറിയിക്കണം. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ ഭദ്രാസന വാർഷിക സമ്മേളനങ്ങൾ നിർബന്ധമായും നടത്തിയിരിക്കണം. കേന്ദ്ര കമ്മിറ്റിയുടെ

തീരുമാനപ്രകാരം ഏപ്രിൽ, മെയ്, ജൂൺ മാസങ്ങൾ കൊണ്ട് 2011-12 വർഷത്തേക്കുള്ള കേന്ദ്ര രജിസ്ട്രേഷൻ സമാപിക്കും എന്നറിക്കുന്നു.

**പ്രസിഡന്റ്സ് അവാർഡ് ഫോർ എക്സലൻസ്**

2010-11 വർഷത്തിൽ മികച്ച പ്രവർത്തനം കാഴ്ചവെച്ച ഭദ്രാസനം, ഭദ്രാസന സെക്രട്ടറി, യൂണിറ്റ്, യൂണിറ്റ് സെക്രട്ടറി എന്നിവർക്ക് പ്രസിഡന്റ് തിരുമേനി ഏർപ്പെടുത്തിയിട്ടുള്ള അവാർഡിനുള്ള അപേക്ഷകൾ 2011 ഏപ്രിൽ 15 ന് മുമ്പ് കേന്ദ്ര ഓഫീസിൽ ലഭിച്ചിരിക്കണം. വിശദമായ പ്രവർത്തന റിപ്പോർട്ടും ആവശ്യമായ തെളിവുകളും സഹിതമാണ് എൻട്രികൾ അയയ്ക്കേണ്ടത്. അവാർഡിന് പരിഗണിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പ്രസിഡന്റ് തിരുമേനി നിശ്ചയിക്കുന്നതാണ്. യുവജനം മാസികയിലും www.orthodoxyouthmovement.org എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഈ വർഷത്തെ എൻട്രികളിൽ അതാത് വികാരി, ഭദ്രാസന വൈസ്പ്രസിഡന്റ്, ഭദ്രാസന സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിരിക്കണം.

**2011 മെയ് 1**

2011-2012 സാമ്പത്തിക വർഷത്തെ പ്രവർത്തനോദ്ഘാടനം മെയ് മാസം 1-ാം തീയതി 3.00 പി.എം.ന് കോലഞ്ചേരി പള്ളിയിൽ വെച്ച് നടത്തപ്പെടുന്നതാണ്. വിശദമായ നോട്ടീസ് പിന്നാലെ എത്തിക്കുന്നതാണ്. നേരത്തെ തന്നെ വാഹനങ്ങൾ ക്രമീകരിച്ച് കോലഞ്ചേരി പള്ളിയിൽ എത്തിച്ചേരാൻ യൂണിറ്റുകൾ ശ്രദ്ധിക്കണം.

**കേന്ദ്രസെക്രട്ടറിമാരുടെ തെരഞ്ഞെടുപ്പും റീജിയണൽ അസംബ്ലിയും**

നിലവിലുള്ള തെരഞ്ഞെടുക്കപ്പെട്ട കേന്ദ്രസെക്രട്ടറിമാരുടെ കാലാവധി 2011 മാർച്ച് 31 ന് അവസാനിക്കും. കേന്ദ്ര സെക്രട്ടറിമാർ കേന്ദ്ര വൈസ്പ്രസിഡന്റുമായി ആലോചിച്ച് ഉചിതമായ തീയതിയും സ്ഥലവും നിശ്ചയിച്ച് ഭരണഘടനപ്രകാരം റീജിയണൽ അസംബ്ലികൾ വിളിച്ചുകൂട്ടി പുതിയ സെക്രട്ടറിമാരുടെ തെരഞ്ഞെടുപ്പ് നടത്തേണ്ടതാണ്. എല്ലാ റീജിയണുകളിലും ജൂൺ 15 ന് മുമ്പ് തെരഞ്ഞെടുപ്പ് നടപടികൾ പൂർത്തീകരിക്കുവാൻ കേന്ദ്ര സെക്രട്ടറിമാർ പ്രത്യേകം ശ്രദ്ധിക്കണം. 2011 മാർച്ച് 31 വരെ രജിസ്റ്റർ ചെയ്യുന്ന യൂണിറ്റുകളിൽ നിന്നുള്ള പ്രതിനിധികൾക്ക് മാത്രമേ അസംബ്ലിയിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളൂ.

**ഓണവാരാഘോഷം**

ഓണവാരാഘോഷത്തോടനുബന്ധിച്ച് സെപ്റ്റംബർ 4, 5, 6 തീയതികളിൽ 50 അംഗങ്ങളുള്ള വിദ്യാർത്ഥി കോൺഫറൻസ് പരുമല പള്ളിയിൽ വച്ച് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു. വിശദമായ നോട്ടീസ് പിന്നാലെ എത്തിക്കുന്നതാണ്.

**യുവജനം മാസിക**

പ്രസ്ഥാനത്തിന്റെ മുഖപത്രമായ യുവജനം മാസിക മുടങ്ങാതെ പ്രസിദ്ധീകരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. മാസികയുടെ സർക്കുലേഷൻ പരമാവധി വർദ്ധിപ്പിക്കുവാൻ എല്ലാ പ്രസ്ഥാനാംഗങ്ങളും ഉത്സാഹിക്കണം.

പ്രിയ സ്നേഹിതരേ,

മേൽപറഞ്ഞ എല്ലാ കാര്യങ്ങളിലും നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടാകണം. കോൺഫറൻസിന്റെ അനുഗ്രഹത്തിനായി എല്ലാദിവസവും പ്രത്യേകം പ്രാർത്ഥിക്കണം. സഭയ്ക്കും സമൂഹത്തിനും പ്രത്യേകിച്ച് യുവജനങ്ങൾക്കും പ്രയോജനകരമാവുന്ന കർമ്മപദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുവാൻ എല്ലാ യൂണിറ്റുകളും പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഏവർക്കും ഉയിർപ്പുപെരുന്നാളിന്റെ പ്രാർത്ഥനാനിർഭരമായ ആശംസകൾ നേർന്നുകൊണ്ട്.

സ്നേഹപൂർവ്വം

**സ്ലീഫൻ വർഗ്ഗീസ് അച്ചൻ**
ജനറൽ സെക്രട്ടറി
(ഫോൺ : 9447866171)

കോട്ടയം,
15 - 03 - 2011.

750 d½

# The Malankara Orthodox Syrian Church
# The Orthodox Christian Youth Movement of The East

St. Thomas Bhavan, Orthodox Youth Centre, Old Seminary Road, Kottayam - 686 001
Phone: (O) 91 - 481 2583997, 9447255765. website: www.orthodoxyouthmovement.org

# 75th International Annual Conference

**at St. Mary's Orthodox Cathedral, Hauzkhas**
**on 5, 6, 7,8 October 2011**

## REGISTRATION FORM

| No. | Name of Participants | Age | Address with Pin code & E-mail ID | Telephone No. | Sign. |
|---|---|---|---|---|---|
| | | | | | |

Name of Parish : ..........................................................................................................

Name of Unit : .................................................................. Diocese : ..................................................................

Name, Address & Signature of Unit Secretary

Name, Address & Signature Vicar

Unit / Church Seal

**Details of Registration fee paid** (Rs. 200 per person)

CASH / MO / ..................................................................

Date ....................................................

**FOR OFFICE USE ONLY**

Details Cash / M.O. Paid ..........................................................................................................

Room No .................................................................................. Group ..........................................